# സിഹ്ർ ബാധയുടെ പ്രതിവിധി

**ചോ:** ഇലന്തമര(സിദ്റ്)ത്തിന്റെ ഏഴ് ഇലകളെടുത്ത് ഒരു പാത്രത്തിലെ വെള്ളത്തിലിടുക, അനന്തരം അതിൽ ഫലഖ്, നാസ്, കാഫിറൂൻ, ഫാത്തിഹ എന്നീ സൂറത്തുകളും സൂറത്തുൽ ബഖറയിലെ നൂറ്റിരണ്ടാമത്തെ ആയത്തും പാരായണം ചെയ്യുക, ആ വെള്ളത്തിൽ നിന്ന് കുടിക്കുകയും കുളിക്കുകയും ചെയ്യുക എന്ന് ഒരു പണ്ഡിതൻ സിഹ്റിന്ന് പ്രതിവിധിയായി നിർദ്ദേശിക്കുന്നു. അത് അനുവദനീയമാണോ?

ഉ : സിഹ്റുകളിൽ ചിലത് യാഥാർത്ഥമാണ് എന്നതിൽ സംശയമില്ല. മറ്റുചിലതാകട്ടെ ജാലവിദ്യയാണ്. അല്ലാഹുവിന്റെ നിർണയമനുസരിച്ച് ചിലർക്ക് അവ ദോഷകരമായി ബാധിക്കുന്നവയുമാണ്. ഇക്കാര്യം അൽബഖറ : യിലെ നൂറ്റിരണ്ടാം വചനത്തിൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

നബി (സ)ക്ക് സിഹ്ർ ബാധിച്ചപ്പോൾ അതിന് ഉപയോഗിച്ച വസ്തുക്കൾ സഹാബികൾ കണ്ടെത്തുകയും അവ നശിപ്പിക്കുകയും ചെയ്തു. അങ്ങിനെ നബി(സ)യെ സിഹ്റിന്റെ നാശങ്ങളിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തി. ഇപ്രകാരം സിഹ്ർ ചെയ്തുവെച്ച കെട്ടുള്ള നൂലുകളോ പരസ്പരം ചേർത്തുവെച്ച ആണികളോ മറ്റോ കണ്ടെത്തിയാൽ അവ നശിപ്പിക്കേണ്ടതാണ്. കാരണം സിഹറൻമാർ കെട്ടുകളിൽ ഊതുകയും തങ്ങളുടെ ദുഷ്ട ലക്ഷ്യങ്ങൾക്കു വേണ്ടി ആണികളടിക്കുകയും ചെയ്യാറുണ്ട്. അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അവരുടെ ചിലപ്രവർത്തനങ്ങൾ വിജയിച്ചേക്കാം.



ഖുർആൻ പാരായണവും സിഹ്റിന് പ്രതിവിധിയാണ്. സിഹ്ർബാധിച്ചവന് ബുദ്ധിഭ്രമം സംഭവിച്ചിട്ടില്ലെങ്കിൽ അവന് സ്വയം തന്നെ പാരായണം ചെയ്യാവുന്നതാണ്. അല്ലെങ്കിൽ മറ്റൊരാൾ പാരായണം ചെയ്യുകയും സിഹ്ർ ബാധയേറ്റവന്റെ നെഞ്ചിലോ ഏതെങ്കിലും ഒരു അവയവത്തിലോ ഊതുകയും ചെയ്യുക. ഫാതിഹ, ഇഖ്ലാസ്, ഫലഖ് എന്നീ സൂറത്തുകളും യൂനുസ്, താഹ എന്നിവയിൽ നിന്ന് സിഹ്റിനെ സംബന്ധിച്ച ആയത്തുകളും ആയത്തുൽ കുർസിയുമാണ് ഇപ്രകാരം പാരായണം ചെയ്യേണ്ടത്. ഇഖ്ലാസ്, ഫലഖ്, നാസ് എന്നീ സൂറകൾ മൂന്ന് പ്രാവശ്യം വീതം പാരായണം ചെയ്യുന്നതാണ് ഉത്തമം - തുടർന്ന്

**اَللَّهُمَّ رَبَّ النَّاسِ اَذْهَبِ الْبَأْسَ وَاشْفِ أَنْتَ الشَّافِي لاَ شِفَاءَ إِلاَّ شِفَائُكَ شِفَاءً لاَ يُغَادِرُ سَقَمًا**

'ജനങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ പ്രയാസത്തെ നീ ദുരീകരിക്കുകയും രോഗം സുഖപ്പെടുത്തുകയും ചെയ്യേണമേ, നീ മാത്രമാണ് സുഖപ്പെടുത്തുന്നവൻ. രോഗം പരിപൂർണ്ണമായും സുഖപ്പെടുത്തേണമേ; എന്ന പ്രാർത്ഥന മൂന്ന് പ്രവശ്യം ചൊല്ലുക' . കൂടാതെ

**" بِسْمِ اللهِ أُرْقِيكَ مِنْ كُلِّ شَيْءٍ يُؤْذِيكَ وَمِنْ شَرِّ كُلِّ نَفْسٍ أَوْ عَيْنِ حَاسِدٍ اَللهُ يَشْفِيكَ بِسْمِ اللهِ أُرْقِيكَ "**

'താങ്കളെ ഉപദ്രവിക്കുന്ന എല്ലാ കാര്യങ്ങളിൽ നിന്നും അല്ലാഹുവിന്റെ നാമത്തിൽ ഞാൻ മന്ത്രിക്കുന്നു. അസൂയാലുവിന്റെ കണ്ണിൽ നിന്നും മറ്റു ഉപദ്രവങ്ങളിൽ നിന്നും അല്ലാഹു താങ്കളെ സുഖപ്പെടുത്തട്ടെ. അല്ലാഹുവിന്റെ നാമത്തിൽ ഞാൻ താങ്കളെ മന്ത്രിക്കുന്നു.'

**أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ**

'സമ്പൂർണ്ണമായ ദൈവിക വചനങ്ങൾ കൊണ്ട് അവൻ

സൃഷ്ടിച്ചവയുടെ തിൻമയിൽ നിന്ന് ഞാൻ രക്ഷതേടുന്നു.' ഈ പ്രാർത്ഥനകളും മൂന്ന് പ്രാവശ്യം വീതം ചൊല്ലുന്നത് ഉത്തമമാണ്.

മുകളിൽ സൂചിപ്പിച്ച അയത്തുകളും പ്രാർത്ഥനകളുമെല്ലാം വെള്ളത്തിൽ പാരായണം ചെയ്യുകയും പിന്നീട് സിഹ്ർ ബാധിച്ചവൻ കുടിക്കുകയും ചെയ്യുന്നത് മൂലം രോഗ ശമനം ലഭിക്കുന്നതാണ് ഇൻശാഅല്ലാഹ്.

വെള്ളത്തിൽ ഇലന്തമരത്തിന്റെ ഏഴു പച്ചിലകൾ അരച്ചു ചേർക്കുന്നതും രോഗ ശമനത്തിനുള്ള മാർഗമാണ്. ഇതെല്ലാം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തെളിഞ്ഞതാണ്. ധാരാളം പേർക്ക് നാം ഈ രൂപത്തിൽ ചികിത്സ നടത്തുകയും അതുമൂലം അല്ലാഹു അവർക്ക് പ്രയോജനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത് സിഹ്ർ ബാധിച്ചവർക്ക് ഉപകാരപ്രദമായ ഒരു സിദ്ധൗഷധം തന്നെയാണ്.

ഭാര്യയുമായി (സിഹ്ർമൂലം) ശാരീരിക ബന്ധം നടത്താൻ കഴിയാത്തവർക്ക് ഈ ഔഷധം ഉപകാരപ്രദമാണ് . ഈ മന്ത്രവും പ്രാർത്ഥനയും അവൻ സ്വയം ചെയ്യുകയോ മറ്റൊരാൾ അവന്ന് ചെയ്തുകൊടുക്കുകയോ ചെയ്യാവുന്നതാണ്. അല്ലെങ്കിൽ വെള്ളത്തിൽ അവ പാരായണം ചെയ്തു കുടിക്കുകയും ബാക്കിയുള്ളതുകൊണ്ട് കുളിക്കുകയും ചെയ്യുക. ഇവയെല്ലാം രോഗം ഭേദമാക്കാനുള്ള കാരണങ്ങളാണ്. യഥാർത്ഥത്തിൽ രോഗം മാറ്റുന്നവൻ അല്ലാഹുവാണ് അവൻ സർവ്വശക്തനാണ്. രോഗവും മരുന്നും അവന്റെ പക്കലാണ്. എല്ലാം അവന്റെ മുൻ നിശ്ചയ പ്രകാരമേ സംഭവിക്കുകയുള്ളൂ.

നബി(സ) പറഞ്ഞു.

"ما انزل الله داء الا انزل له شفاء علمه من علمه و جهله من جهله".

'അല്ലാഹു ഓരോ രോഗം നൽകുമ്പോഴും അതിനുള്ള ശമന മാർഗവും നിശ്ചയിച്ചിട്ടുണ്ട്. ചിലർ ആ മരുന്ന് മനസ്സിലാക്കുന്നു. മറ്റുചിലർക്കത് മനസ്സിലാക്കാൻ കഴിയാതെപോകുന്നു.'



# ജിന്നു ബാധ നിഷേധകർക്കുള്ള മറുപടി

റിയാദിലെ ഒരു മുസ്‌ലിം സത്രീയെ ബാധിച്ചിരുന്ന ജിന്ന് എന്റെ അടുക്കൽ വന്ന് ഇസ്‌ലാം ആശ്ലേഷിച്ച വാർത്ത ഇക്കഴിഞ്ഞ ശഅബാനിൽ (140 AH/1987) ഒട്ടേറെ ദിനപത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. എന്റെ അടുക്കൽ വരുന്നതിന് മുമ്പ് റിയാദിൽ താമസിക്കുന്ന അബ്ദുല്ലാഹിബ്നു മുശ്രിഫ് അൽ അംരിയുടെ സാന്നിദ്ധ്യത്തിൽ വെച്ച് ജിന്ന് ഇസ്‌ലാം സ്വീകരിച്ചിരുന്നു. ജിന്നു ബാധയുള്ള സ്ത്രീയുടെ സമീപത്ത് വെച്ച് അദ്ദേഹം ഖുർആൻ പാരായണം ചെയ്യുകയും പിന്നീട് ജിന്നുമായി സംസാരിക്കുകയും ചെയ്തു. താൻ ഇന്ത്യൻ വംശജനും ബുദ്ധമതാനുയായിയുമാണെന്ന് ജിന്ന് അബ്ദുല്ലയെ ധരിപ്പിച്ചു. അബ്ദുല്ല ജിന്നിനെ ഇസ്‌ലാമിക ആശയങ്ങൾ ധരിപ്പിക്കുകയും ജിന്ന് ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. പിന്നീട് അബ്ദുല്ലയും ജിന്നു ബാധിച്ചിരുന്ന സ്ത്രീയുടെ ബന്ധുക്കളും സ്ത്രീയെ എന്റെ മുമ്പിൽ ഹാജരാക്കി. ജിന്നിന്റെ ഇസ്‌ലാം മതാശ്ലേഷണത്തിന്ന് ഞാൻ കൂടി സാക്ഷ്യം വഹിക്കാനായിരുന്നു അവർ ഇപ്രകാരം ചെയ്തത്. ഞാൻ ജിന്നിനോട് സ്ത്രീയുടെ ശരീരത്തിൽ പ്രവേശിക്കാനുള്ള കാരണങ്ങൾ ആരാഞ്ഞു. ജിന്ന് കാരണങ്ങൾ വിശദീകരിച്ചു. ജിന്നുബാധയുള്ള സ്ത്രീയുടെ